പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2405 **27-10-2026-ൽ മറുപടിയ്ക്ക്**

പുതിയ ജലവൈദ്യുത പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തിന്റെ വർദ്ധിച്ച് വരുന്ന വൈദ്യുതി ആവശ്യം നിറവേറ്റാൻ പുതിയ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

മറുപടി: സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന വൈദ്യുതി ആവശ്യം നിറവേറ്റാൻ വിവിധ ജല വൈദ്യുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

i) 127.50 MW സ്ഥാപിതശേഷിയുള്ള ശേഷിയുള്ള 8 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു.

ii) പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ:

2200 MWന്റെ 4 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. പദ്ധതികളുടെ പര്യവേഷണവും വിശദമായ പദ്ധതി നിർവ്വഹണ റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ഇതുകൂടാതെ നിലവിൽ 3000 MW-ന്റെ 3 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുടെ സാധ്യതാ പഠനം നടന്നുകൊണ്ടിരിക്കുന്നു

iii) 88 MW ന്റെ വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനത്തിന്റെ മുന്നോടിയായിട്ടുള്ള വിവിധ ഘട്ടങ്ങളിൽ ആണ്.

iv) വൻകിട ജല വൈദ്യുത പദ്ധതികളായ ഇടുക്കി ഗോൾഡൻ ജൂബിലി പദ്ധതി (740 MW), ശബരിഗിരി എക്സ്റ്റൻഷൻ പദ്ധതി (450 MW), ലക്ഷ്മി ജലവൈദ്യുത പദ്ധതി (240 MW) എന്നിവയുടെ PFR / DPR (പ്രീ ഫീസിബിലിറ്റി പഠന റിപ്പോർട്ട് / ഡീറ്റയിൽഡ് പ്രൊജക്ട് റിപ്പോർട്ട്) തയ്യാറാക്കുന്ന ജോലികൾ നടന്നുവരികയാണ്. ഇതുകൂടാതെ ഇടമലയാർ കപ്പാസിറ്റി അഡിഷൻ (80 MW), മാങ്കുളം - രണ്ടാംഘട്ടം (40 MW) ഒറ്റക്കൽ (4 MW)എന്നീ ജലവൈദ്യുത പദ്ധതികൾക്കായുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നു വരുന്നു. പാംബ്ല (10 MW), ലോവർ പൂഴിത്തോട് (5.10 MW) എന്നീ ജലവൈദ്യുത പദ്ധതികൾ നിർദിഷ്ട ഡി.പി.ആർ ഭേദഗതികൾ വരുത്തുന്നതിലേയ്ക്കായുള്ള ജോലികൾ നടന്നു വരുന്നു.

(ബി) ചെറുകിട വൈദ്യുതി നിലയങ്ങളുടെ നിർമ്മാണം സാദ്ധ്യമായ എല്ലാ സ്ഥലങ്ങളിലും അവ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി:</u> ചെറുകിട വൈദ്യുതി നിലയങ്ങളുടെ നിർമ്മാണം സാധ്യമായ എല്ലാ സ്ഥലങ്ങളിലും ആരംഭിക്കുന്നതിനായി താഴെ പറയുന്ന 88 MW-ന്റെ വിവിധ ചെറുകിട ജലവൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനത്തിന്റെ മുന്നോടിയായിട്ടുള്ള വിവിധ ഘട്ടങ്ങളിൽ ആണ് .

നം	പദ്ധതിയുടെ പേര്	സ്ഥാപിത ശേഷി (മെഗവാട്ട്)	ഉത്പാദന ശേഷി (മില്യൺ യൂണിറ്റ്)
1.	ആനക്കയം ചെറുകിട ജലവൈദ്യുത പദ്ധതി	7.5	22.83
2.	പൊരിങ്ങൽകുത്ത് ജലവൈദ്യുത പദ്ധതി (രണ്ടാം ഘട്ടം)	24	53.85
3.	മരിപ്പുഴ ചെറുകിട ജലവൈദ്യുത പദ്ധതി	6	14.84
4.	മാർമ്മല ചെറുകിട ജലവൈദ്യുതപദ്ധതി	7	23.02
5	കക്കയം പമ്പിംഗ് സ്കീം		29.488
6	പീച്ചാട് SHEP	3	7.74
7	വെസ്റ്റേൺ കല്ലാർ	5	17.41
8	ലാഡ്രും SHEP	3.5	12.13
9	കീരിത്തോട്	12	27.65
10	ചെമ്പുകടവ് III SHEP	7.5	16.65
11	ചാത്തൻകോട്ടുനട I SHEP	5	12.06
12	വളാംതോട് SHEP	7.5	15.29
	ആകെ	88 **MW**	**252.95**

സെക്ഷൻ ഓഫീസർ